TUESDAY 13-09-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-13/09/2022.

1. കുട്ടനാട്ടിൽ രണ്ടാംകൃഷി ഇറക്കിയ, വിതച്ച് 55 ദിവസം മുതൽ 90 ദിവസം വരെ പ്രായമായ പാടശേഖരങ്ങളിൽ, മുഞ്ഞയുടെ സാന്നിധ്യം കാണുന്നുണ്ട്. എന്നാൽ മിക്കയിടങ്ങളിലും മുഞ്ഞയുടെ മുട്ടകളെ ആഹാരമാക്കുന്ന **മിറിഡ് ചാഴികൾ** ധാരാളമായി കാണുന്നുണ്ട്. ഈ സാഹചര്യത്തിൽ കർഷകർ വളരെ കരുതലോടുകൂടിയിരിക്കണം. സാങ്കേതിക നിർദ്ദേശ പ്രകാരമല്ലാതെ ഒരു കീടത്തിനെതിരെയും രാസകീടനാശിനികൾ പ്രയോഗിക്കരുത്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന് മുഞ്ഞയുടെ വംശവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കർഷകർ പ്രത്യേകം ശ്രദ്ധിക്കണം. ഏതെങ്കിലും സാഹചര്യത്തിൽ മുഞ്ഞയുടെ ആക്രമണം രൂക്ഷമായി, കീടനാശിനി പ്രയോഗം ആവശ്യമായി വരുന്ന പക്ഷം മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായോ അതത് കൃഷിഭവനുമായോ ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470696** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. റബ്ബർമരങ്ങളിൽ പുതുതായി ടാപ്പിങ് ആരംഭിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ടാപ്പിങ്ങിനായി അടയാളപ്പെടുത്തൽ, ഇടവേളകൂടിയ ടാപ്പിങ് എന്നീ വിഷയങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഈ വിഷയങ്ങൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് നാളെ (സെപ്റ്റംബർ 14) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഫോണിലൂടെ മറുപടി പറയും. **0481 2576622** എന്നതാണ് കോൾസെന്റർ നമ്പർ.

3. പേവിഷബാധ മുക്ത കേരള പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് മുഖേന ജില്ലയിലെ മൃഗാശുപത്രികളിലൂടെ നായ്ക്കുട്ടികൾക്കും പൂച്ചകൾക്കും സൗജന്യ നിരക്കിൽ പേവിഷബാധയ്ക്കെതിരെ വാക്സിനേഷൻ നടത്തുന്നു. ആനാട് ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഡിസ്പെൻസറിയുടെയും ആഭിമുഖ്യത്തിൽ ഇന്നും 14,15 തീയതികളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വാക്സിനേഷൻ ചാർജ്ജ് മുപ്പത് രൂപയും ലൈസൻസ് ചാർജ്ജ് പത്ത് രൂപയുമാണെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പനവൂർ ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഡിസ്പെൻസറി ആട്ടുകാലിന്റെയും ആഭിമുഖ്യത്തിൽ ഇന്നും 14,15 തീയതികളിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വാക്സിനേഷൻ ചാർജ്ജ് മുപ്പത് രൂപയും ലൈസൻസ് ചാർജ്ജ് പത്ത് രൂപയുമാണെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

നെടുമങ്ങാട് നഗരസഭയുടെയും വെറ്ററിനറി പോളിക്ലിനിക് നെടുമങ്ങാടിന്റെയും ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി മുൻസിപ്പാലിറ്റിയുടെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വളർത്തുനായ്ക്കൾ, പൂച്ചകൾ എന്നിവയെ മുപ്പത് രൂപ അടച്ച് പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കണമെന്ന് സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു.

പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഡിസ്പെൻസറിയുടെയും ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വളർത്തുനായ്ക്കൾ, പൂച്ചകൾ എന്നിവയെ മുപ്പത് രൂപ അടച്ച് പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കണമെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

വാമനപുരം ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഹോസ്പിറ്റലിന്റെയും ആഭിമുഖ്യത്തിൽ ഇന്നു മുതൽ 16 വരെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വളർത്തുനായ്ക്കൾ, പൂച്ചകൾ എന്നിവയെ മുപ്പത് രൂപ അടച്ച് പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കണമെന്ന് സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു.

പുല്ലംപാറ ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഡിസ്പെൻസറിയുടെയും ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വളർത്തുനായ്ക്കൾ, പൂച്ചകൾ എന്നിവയെ മുപ്പത് രൂപ അടച്ച് പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കണമെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

**പരിശീലന പരിപാടികൾ**

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് **മട്ടുപ്പാവ് കൃഷി** എന്ന വിഷയത്തിൽ നാലു ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2022 സെപ്റ്റംബർ 14 മുതൽ 17 വരെ തൃശ്ശൂർ വെള്ളാനിക്കരയിൽ സ്ഥിതിചെയ്യുന്ന കർഷക ഭവനത്തിലാണ്

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പരിശീലനം നടക്കുന്നത്. മട്ടുപ്പാവ് കൃഷി രീതികൾ, ലംബകൃഷി, മട്ടുപ്പാവ് ലാൻഡ്സ്കേപ്പിംഗ്, ഹൈഡ്രോപോണിക്സ്, മട്ടുപ്പാവിലെ പൂന്തോട്ട പരിപാലനം എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കുന്നു. പരിശീലന ഫീസ് 2000/- രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ സാധിക്കുക. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ സർട്ടിഫിക്കറ്റ് നൽകുന്നു. രജിസ്റ്റർ ചെയ്യാൻ താൽപര്യമുള്ളവർ **0487-2371104** എന്ന നമ്പറിൽ ബന്ധപ്പെടുക.

5. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റ പുൽ കൃഷി വികസന പരിശീലന കേന്ദ്രത്തിൽ സെപ്റ്റംബർ 14,15 തിയ്യതികളിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി സെപ്റ്റംബർ 13 വൈകുന്നേരം 5 മണി വരെ . ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേരെ പങ്കെടുപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക് **0471 2501706, 9400831831** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവ്വകലാശാല, സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തിയിൽ ഈ മാസം 28-നും (സെപ്റ്റംബർ 28) ഒക്ടോബർ 19, 20 -നും ചീര, മുരിങ്ങ, ബാസെല്ല ചീര, ചെക്കുർമാണിസ്, സാമ്പാർ ചീര, മല്ലി, തഴുതാമ, ഉലുവയില തുടങ്ങിയ ഇലക്കറി വിളകളുടെ കൃഷി മുറകളെ കുറിച്ച് സൗജന്യ ഓൺലൈൻ പരിശീലനം നടത്തുന്നു. https://forms.gle/bR3i4RaFfNX3xTp37 എന്ന ലിങ്കിലൂടെ പരിശീലന പരിപാടിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി സെപ്റ്റംബർ 20 ആണ്.

7. **കൊല്ലം ജില്ലയിലെ അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- കാബേജ്, കോളിഫ്ളവർ, സവാള തുടങ്ങിയ ശീതകാലപച്ചക്കറികൾ കൃഷിചെയ്യുന്നതിന് അനുയോജ്യമായ സമയം ഒക്ടോബർ മുതൽ ഫെബ്രുവരി വരെയുള്ള തണുപ്പ് കാലമാണ്.
- സെപ്റ്റംബർ അവസാനവാരത്തിലോ ഒക്ടോബർ ആദ്യവാരത്തിലോ ഇതിനായി നഴ്സറി തയ്യാറാക്കേണ്ടതുണ്ട്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- കാബേജ്, കോളിഫ്ളവർ തുടങ്ങിയവയ്ക്ക് ഒരുമാസവും സവാളയ്ക്ക് ഒന്നര മുതൽ രണ്ട്മാസം വരെയുമാണ് നഴ്സറിയിൽ ഇവയെ വളർത്തേണ്ടത് .
- ക്യാബേജിൽ NS-43, NS-183, NS-160 എന്നീ ഇനങ്ങളും കോളിഫ്ളവറിൽ NS-60, ബസന്ത്, പുസ മേഘ്ന എന്നീ ഇനങ്ങളും സവാളയിൽ അഗ്രിഫൗണ്ട് ഡാർക്ക്റെഡ്, ആർക്കാനികേതൻ, ആർക്കാകല്യാൺ, NS -53 എന്നീ ഇനങ്ങളുമാണ് കേരളത്തിന്റെ കാലാവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യം.
- ഇവയുടെ വിത്ത് ശേഖരണവും കൃഷിയ്ക്കായുള്ള തയ്യാറെടുപ്പുകളും ഈ സമയത്ത് ആരംഭിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം